**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (ഡി.സി.)വകുപ്പ്**

നം.61128/ഡി.സി.2/09/തസ്വഭവ തിരുവനന്തപുരം, തീയതി: 19.11.2009

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് – മത്സ്യകേരളം പദ്ധതി – വിശദീകരണങ്ങൾ – സംബന്ധിച്ച്.

സൂചന:- 1. സർക്കുലർ നമ്പർ 35180/ഡി.ബി.2/2008/ തസ്വഭവ; തീയതി 01.01.2009
2. ഫിഷറീസ് ഡയറക്ടറുടെ 22.06.2009 ലെ എം.കെ. 17379/08 നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 10.09.2009 ലെ യോഗതീരുമാനം [ഇനം. 2.1 (എ)]

മത്സ്യകേരളം പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ സൂചന ഒന്ന് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു ഏക്കർ വരെ കുളങ്ങൾ/തടാകങ്ങൾ/ജലാശയങ്ങൾ ഉള്ള വ്യക്തികളെയും 15 ഏക്കർ വരെ ജലാശയങ്ങളുള്ള സംഘങ്ങളെയും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കാമെന്നാണ് പ്രസ്തുത സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ജലാശയ പ്രദേശത്തിന്റെ പരിധി വർദ്ധിപ്പിക്കണമെന്ന് ഫിഷറീസ് ഡയറക്ടർ സൂചന രണ്ട് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ആവശ്യം സർക്കാർ വിശദമായി പരിശോധിച്ച് മത്സ്യകേരളം പദ്ധതിയുടെ നടത്തിപ്പിന് സൂചന ഒന്ന് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ നിർദ്ദേശങ്ങൾക്ക് ചുവടെ പ്രതിപാദിക്കുന്ന വിശദീകരണങ്ങൾ നൽകുന്നു.

(1) ഗ്രാമപഞ്ചായത്തുകളുടെ/നഗരസഭകളുടെ വിഹിതം വിനിയോഗിച്ച് സബ്സിഡി നൽകുന്ന സന്ദർഭത്തിൽ വ്യക്തിഗത ഗുണഭോക്താക്കളുടെ ജലാശയ പ്രദേശത്തിന്റെ ഉയർന്ന പരിധി ഒരു ഹെക്ടറും ഗ്രൂപ്പുകൾ, സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുടെ ജലാശയ പ്രദേശത്തിന്റെ ഉയർന്ന പരിധി 15 ഹെക്ടറും ആയിരിക്കും.

(2) മുകളിൽ സൂചിപ്പിച്ചിട്ടുള്ള പരിധിക്ക് വിധേയമായി ബി.പി.എൽ, എ.പി.എൽ പരിഗണന കൂടാതെ സബ്സിഡി നൽകാവുന്നതാണ്.

(3) പദ്ധതിയുടെ രണ്ടും മൂന്നും വർഷങ്ങളിൽ (2009-10, 2010-11) തുടർ കൃഷിക്ക് വേണ്ടി ഗുണഭോക്താക്കൾക്ക് നൽകേണ്ട സബ്സിഡി തുക ഗ്രാമപഞ്ചായത്തുകൾ/നഗരസഭകളും ഫിഷറീസ് വകുപ്പും 1:1 എന്ന അനുപാതത്തിൽ സംയുക്തമായി വകയിരുത്തേണ്ടതാണ്. ഈ പദ്ധതി നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകളും നഗരസഭകളും വകയിരുത്തേണ്ട തുക എത്രയെന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളെ ഫിഷറീസ് വകുപ്പ് അറിയിക്കുന്നതാണ്. പ്രസ്തുത തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളും നഗരസഭകളും 2009-10, 2010-11 വാർഷിക പദ്ധതികളിൽ വകയിരുത്തി നിർവഹണ ഏജൻസികൾക്ക് കൈമാറണം. അംഗീകാരം നേടിയ 2009-10 വാർഷിക പദ്ധതിയിൽ മത്സ്യകേരളം പദ്ധതി ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ വാർഷിക പദ്ധതി ഭേദഗതി ചെയ്ത് മതിയായ വിഹിതം കണ്ടെത്തേണ്ടതും പ്രോജക്ട് വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്.

(4) ശുദ്ധജല മത്സ്യകൃഷിയുടെ നിർവഹണ ഏജൻസി മത്സ്യ കർഷക വികസന ഏജൻസിയും (FFDA) ഓരുജല മത്സ്യകൃഷിയുടെ നിർവഹണ ഏജൻസി ഓരുജല മത്സ്യ കർഷക വികസന ഏജൻസിയും (BFFDA) ആയിരിക്കും.

(5) മത്സ്യകേരളം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് സൂചന ഒന്ന് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിലെ നിർദ്ദേശങ്ങളും ഈ സർക്കുലറിലെ നിർദ്ദേശങ്ങളും നഗരസഭകൾക്കും ബാധകമായിരിക്കും.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
5 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
6 സെക്രട്ടറി, ഫിഷറീസ് വകുപ്പ്
7 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
8 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
9 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
10 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
11 മുഖ്യ നഗരാസൂത്രകൻ, തിരുവനന്തപുരം
12 ഡയറക്ടർ, ഫിഷറീസ് വകുപ്പ്
13 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
14 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
15 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം
16 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
17 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
18 എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർമാർക്കും
19 എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
20 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
23 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകളുടെയും പ്രോജക്ട് ഡയറക്ടർമാർക്ക്
24 എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മിഷണർമാർക്കും (പെർഫോമൻസ് ആഡിറ്റ്)
25 എല്ലാ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
26 നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
27 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
28 സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
29 ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
31 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
32 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
33 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
34 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
35 കരുതൽ ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
4. തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
5. തദ്ദേശസ്വയംഭരണ ഡി.എ./ഡി.ബി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്